LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ രക്തഘടക വിഭജന യൂണിറ്റിന്റെ പ്രവർത്തനം

71(771) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ രക്തഘടക വിഭജന യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആരംഭിക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ആയത് ആരംഭിക്കുന്നതിന് ലൈസൻസ് ലഭിച്ചിട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ലൈസൻസ് ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിൽനിന്നും രക്തഘടക വിഭജന യൂണിറ്റിന് ആവശ്യമായ ലൈസൻസ് ലഭിക്കാത്തതിനാലാണ് പ്രവർത്തനം തുടങ്ങാൻ വൈകുന്നത്.

(സി) ഇല്ല.

(ഡി) ഒരു വർഷം രക്തഘടക വേർതിരിക്കൽ യൂണിറ്റിൽ പ്രവർത്തിച്ച് പരിചയമുള്ള ടെക്നീഷ്യന്റെ അഭാവം മൂലമാണ് ലൈസൻസ് ലഭ്യമാകാത്തത്.

സർക്കാർ ജനറൽ ആശുപത്രികളുടെ ശോചനീയാവസ്ഥ

72(772) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാലും അവശ്യ മരുന്നുകളുടെ ദൗർലഭ്യം മൂലവും സംസ്ഥാനത്തെ സർക്കാർ ജനറൽ ആശുപത്രികളുടെ അവസ്ഥ പരിതാപകരമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനറൽ ആശുപത്രികളിലെത്തുന്ന രോഗികൾ രോഗനിർണ്ണയോപാധികളുടെ അഭാവംമൂലം സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വന്നിട്ടുള്ളത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ചില സ്പെഷ്യാലിറ്റികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവംമൂലവും ചില ജില്ലകൾ സ്ഥിര നിയമനത്തിന് തെരഞ്ഞെടുക്കുന്നതിൽ ഡോക്ടർമാർ തല്പരരല്ലാത്തതുകൊണ്ടും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. എന്നാൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചും എൻ.എച്ച്.എം. വഴി താൽക്കാലികമായി നിയമിച്ചും ഈ കുറവ് പരിഹരിക്കുകയും ജനങ്ങൾക്ക് സേവനം ലഭ്യമാക്കുകയും ചെയ്തു വരുന്നുണ്ട്. വിവിധ വിഭാഗം പാരാമെഡിക്കൽ സ്റ്റാഫുകളുടെ ഒഴിവുകൾ ദ്രുതഗതിയിൽ നികത്താനുള്ള നടപടികൾ എടുത്തുവരുന്നു. സംസ്ഥാനത്തെ സർക്കാർ ജനറൽ ആശുപത്രികളിൽ ആവശ്യ മരുന്നുകളുടെ ദൗർലഭ്യം നിലവിലില്ല. അടിയന്തര ഘട്ടങ്ങളിൽ അത്യാവശ്യ മരുന്നുകളുടെ ദൗർലഭ്യം നേരിട്ടാൽ അവ ലോക്കൽ പർച്ചേസ് വഴി വാങ്ങുവാൻ ആശുപത്രി മേധാവികൾക്ക് അധികാരമുണ്ട്. ജനറൽ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള എല്ലാ നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(ബി) രോഗനിർണ്ണയത്തിനുള്ള എക്സ്റേ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ ജനറൽ ആശുപത്രികളിലും പ്രധാനപ്പെട്ട മറ്റ് ആശുപത്രികളിലും ലഭ്യമാണ്. ചില ആശുപത്രികളിൽ സി.റ്റി. സ്കാൻ സൗകര്യവും ലഭ്യമാണ്. ജനറൽ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് പരമാവധി രോഗ നിർണ്ണയത്തിനുള്ള എല്ലാ സൗകര്യവും നിലവിലുണ്ട്.

കൊട്ടാരക്കര താലൂക്കാശുപത്രിയിലെ ട്രോമാ കെയർ യൂണിറ്റ്

73 (773) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ ആവശ്യമായ ജീവനക്കാരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? പ്രസ്തുത ജീവനക്കാരെ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

(ബി) ട്രോമാ കെയർ യൂണിറ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളും അതിന്റെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നാൽപ്പത്തിയെട്ട് ജീവനക്കാർ ആവശ്യമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)* പ്രൊപ്പോസൽ പരിശോധിച്ചു മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly